"ഭരണഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KHSB Building, ശാന്തിനഗർ, തിരുവനന്തപുരം-1

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(നിലവിൽ : ഇ.സലീമുദ്ദീൻ)**

Website
17/12/14

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം - സ്പെഷ്യൽ ഗ്രേഡ് സ്റ്റോർകീപ്പർ തസ്തികയിൽ നിയമനം നൽകുന്നത്-സംബന്ധിച്ച്.

പരാമർശം:- ശ്രീ.കെ.എം.നാസർ, യു.ഡി.സ്റ്റോർ കീപ്പറുടെ 21.11.2014-ലെ സമർപ്പണം.

**ഉത്തരവ് നമ്പർ : എ3/3226/09 തീയതി : 15.12.2014**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിൽ സ്പെഷ്യൽ ഗ്രേഡ് സ്റ്റോർ കീപ്പറിന്റെ ഒരു തസ്തിക കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിലുണ്ട്. ടി തസ്തികയിൽ സേവനത്തിലുണ്ടായിരുന്ന ജീവനക്കാരൻ 31.05.2014-ൽ സേവനത്തിൽനിന്നും വിരമിച്ചു. ആയതിനാൽ യു.ഡി.സ്റ്റോർ കീപ്പർ തസ്തികയിൽ നിലവിൽ സീനിയറും ടി തസ്തികയ്ക്ക് അർഹനുമായ ശ്രീ.കെ.എം.നാസർ, യു.ഡി.സ്റ്റോർ കീപ്പറിനെ കെ.എസ്.എസ്.ആർ. ലെ പൊതുചട്ടം 28 (ബി) (ii) പ്രകാരം 14620-25280 രൂപ ശമ്പള നിരക്കിൽ സ്പെഷ്യൽ ഗ്രേഡ് സ്റ്റോർകീപ്പർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. ടി സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സ്ഥലം മാറ്റങ്ങൾ നടത്തി ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും തസ്തികയും | നിലവിലെ സ്ഥാപനം | സ്ഥലംമാറ്റം നൽകുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| 01 | ശ്രീ.പി.ഗംഗാധരൻ, യു.ഡി. സ്റ്റോർ കീപ്പർ | ഐ.ടി.ഐ. കാസർഗോഡ് | ഐ.ടി.ഐ. മാള | ഭരണ സൗകര്യാർത്ഥം |
| 02 | ശ്രീ.കെ.എം.നാസർ, യു.ഡി.സ്റ്റോർ കീപ്പർ | ഐ.ടി.ഐ. മാള | ഐ.ടി.ഐ. കാസർഗോഡ് | സ്ഥാനക്കയറ്റം |

സ്പെഷ്യൽ ഗ്രേഡ് സ്റ്റോർ കീപ്പർ തസ്തിക സംസ്ഥാനത്ത് കാസർഗോഡ് ഐ.ടി.ഐ.യിൽ മാത്രമുള്ളതിനാലാണ് ഭരണസൗകര്യാർത്ഥം ഈ മാറ്റം ഉത്തരവായിട്ടുള്ളത്. ഉദ്യോഗക്കയറ്റം വഴി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥൻ 25.04.2006-ലെ ജി.ഒ. (പി) നമ്പർ 145/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഓപ്ഷൻ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച് ഒരു മാസത്തിനുള്ളിൽ നൽകേണ്ടതാണ്.

ഉദ്യോഗസ്ഥരെ വിടുതൽ ചെയ്ത തീയതിയും ഉദ്യോഗസ്ഥർ സേവനത്തിൽ പ്രവേശിക്കുന്ന തീയതിയും ബന്ധപ്പെട്ട സ്ഥാപനമേധാവികൾ യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഉദ്യോഗസ്ഥർക്ക് നിയമാനുസൃതമുള്ള യാത്രാപ്പടി, ജോയിനിംഗ് ടൈം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കും.

ഒപ്പ്
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

<u>സ്വീകർത്താവ്</u>

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (സ്ഥാപനമേധാവി മുഖേന)

പകർപ്പ്:-
1) ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2) വകുപ്പ് വെബ്സൈറ്റ്
3) കരുതൽ ഫയൽ (എ3)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്